(ബി) കോഴിക്കോട് ജില്ലയിൽ കോർപ്പറേഷന്റെ കീഴിലുണ്ടായിരുന്ന തിരുവഞ്ചൂർ നാളികേര കോംപ്ലക്സ് നൽകുന്ന സ്ഥലവും സ്വത്തും ഉപയോഗിച്ച് പുതിയ ഏതു പദ്ധതിയാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) ഇതു സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

142 (1197) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കൃഷിവകുപ്പിന്റെ കീഴിലെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം മുൻ ഗവൺമെന്റിന്റെ കാലത്ത് അടച്ചു പൂട്ടിയിരുന്നോ ;

(ഡി) എങ്കിൽ ഏത് സ്ഥാപനം എന്ന് വെളിപ്പെടുത്തുമോ ;

(ഇ) കൃഷിവകുപ്പിന്റെ കീഴിലെ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്ത് ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കൈവരിച്ച നേട്ടങ്ങൾ നിലനിർത്താനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) കൃഷിവകുപ്പിന്റെ കീഴിലെ പ്ലാന്റേഷൻ കോർപ്പറേഷനും ഫാമിംഗ് കോർപ്പറേഷനും സംയുക്തമായി എന്തെങ്കിലും വ്യവസായം ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ;

(ഐ) എങ്കിൽ ഇതു സംബന്ധമായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) കൃഷിവകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനമായി കേരളാ ആഗ്രോ മെഷിനറി കോർപ്പറേഷന്റെ പ്രവർത്തനം സംസ്ഥാനത്തിന്റെ ഇതര ഭാഗത്തേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(കെ) നാളികേര വികസന കോർപ്പറേഷന്റെ കടബാധ്യതയിൽ നിന്നും മുക്തമാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എൽ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

(എം) സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കുറ്റമറ്റതും കാര്യക്ഷമവുമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ.

2. കേരളാ അഗ്രോ മെഷിനറി കോർപ്പറേഷൻ

3. കേരളാ ഭൂവികസന കോർപ്പറേഷൻ

4. പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള

5. ഓയിൽപാം ഇന്ത്യാ ലിമിറ്റഡ്.

6. കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ

7. സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ.

8. തിരുവനന്തപുരം റബ്ബർ വർക്സ്.

9. സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

10. സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നിവയാണ് സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ.

(ബി) ഉണ്ട്. കൃഷിവകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവുമാരുടെയും യോഗം വിളിച്ചുകൂട്ടി അവയുടെ പ്രവർത്തനം വിലയിരുത്താറുണ്ട്.

(സി&ഡി) സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ പ്രവർത്തന രഹിതമായിരുന്നു.

(ഇ) ഉണ്ട്.

(എഫ്) കഴിഞ്ഞ മൂന്നു വർഷത്തെ വിൽപ്പനയും ലാഭനഷ്ടവും താഴെ കൊടുത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	വിറ്റുവരവ് + ലാഭം - നഷ്ടം (രൂപ ലക്ഷത്തിൽ)
1996 - 97	1243 . 67 (-) 67. 08
1997 - 98	1496 . 00 (-) 88. 73
1998 - 99	1959 . 74 (+) 26. 17

(ജി) 1968 മുതൽ കേരളത്തിലെ കാർഷിക യന്ത്രവൽക്കരണത്തിന് മുഖ്യ പങ്കുവഹിച്ചിട്ടുണ്ട്. 1998-99 വർഷം മുതൽ ചെറുകിട ജലസേചന പദ്ധതികൾ, സാമൂഹ്യ ജലസേചന പദ്ധതികൾ കൂടിവെള്ളം വിതരണ പദ്ധതികൾ, നഗര ശുചീകരണത്തിന് ആവശ്യമായ യന്ത്രവൽകൃത സംവിധാനം ഏർപ്പെടുത്തൽ എന്നീ സംവിധാനങ്ങൾ ആരംഭിച്ചു. കൂടുതൽ കർഷകർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ആലപ്പുഴ, കണ്ണൂർ, ഇടുക്കി എന്നീ ജില്ലകളിൽകൂടി കോർപ്പറേഷന്റെ പുതിയ ശാഖകൾ ആരംഭിച്ചു. മലയോര കർഷകർക്കും വൈദ്യുതിഇല്ലാത്ത സ്ഥലങ്ങളിൽ സൗരോർജ്ജ വൈദ്യുതി ലഭിക്കുന്നതിന് സൂര്യരശ്മിയിൽ പ്രവർത്തിക്കുന്ന വിളക്കുകൾ, ലാമ്പുകൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ആരംഭിച്ചു.

(എച്ച്&ഐ) കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെയും സംസ്ഥാന ഫാമിംഗ് കോർപ്പറേഷന്റെയും ആഭിമുഖ്യത്തിൽ റബ്ബർ അധിഷ്ഠിതവ്യവസായം തുടങ്ങാൻ ഉദ്ദേശിക്കുന്നു. അതിന്റെ ഭാഗമായി പ്ലാന്റേഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ എക്സാമിനേഷൻ ഗ്ലൗസ്, കൺവെയർ ബൽറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി റബ്ബർബോർഡ് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ജെ) തൃശൂർ ജില്ലയിലെ മാളയിൽ ഒരു പവർ റിപ്പർ യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ട്.

(കെ&എൽ) ഉണ്ട്, സംസ്ഥാന നാളികേരവികസന കോർപ്പറേഷന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമായി ഉണ്ടായിരുന്ന കടബാധ്യതകൾ ചെന്നൈയിലെ അസറ്റ്സ് റിക്കവറി ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം 8.90 കോടി രൂപ സർക്കാർ വായ്പയായി നൽകി തീർപ്പാക്കി. ഇതിന് പുറമേ പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് നിയമാനുസൃത ബാധ്യതകൾ നിറവേറ്റുന്നതിനുമായി 9/97-ൽ 25 ലക്ഷം രൂപ പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും 8/98-ൽ 25 ലക്ഷം രൂപ ആഗ്രോ മെഷനറി കോർപ്പറേഷനിൽ നിന്നും വായ്പയായി ലഭ്യമാക്കുകയും 3/99-ൽ 25 ലക്ഷം രൂപ സർക്കാരും അനുവദിക്കുകയുണ്ടായി. ഇതുകൂടാതെ കോർപ്പറേഷനിലെ ജീവനക്കാർക്ക് സ്വയം പിരിഞ്ഞു പോകൽ പദ്ധതി നടപ്പിൽ വരുത്തുന്നതിന് 433 ലക്ഷം രൂപയും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

(എം) ആവശ്യമായ എല്ലാവിധ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly